# ACADAMIC MASTER PLAN

## ആത്മവിദ്യാസംഘംയുപിസ്കൂൾ

ചെറുവണ്ണൂർ, കൊളത്തറ

**U.P CLASS**

# ആത്മവിദ്യ സംഘം യു.പി. സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**യു.പി. മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി മലയാളം ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | എന്റെ വാക്ക് - ലളിതവും രസകരവുമായ മലയാളം സംഭാഷണങ്ങൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകൻ | മലയാളം ക്ലബ്ബ് |
| | നിർദ്ദേശങ്ങൾ പിൻതുടരുക! - മലയാളത്തിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | മലയാളം അധ്യാപകർ | |
| | വാർത്താ വായന - മലയാളം റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | ഒക്ടോബർ | മലയാളം അധ്യാപകർ | |
| | കാണാതായ കഥാപാത്രം - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂലൈ | മലയാളം അധ്യാപകർ | |
| | പദാന്വേഷണം - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന | സെപ്റ്റംബർ | മലയാളം അധ്യാപകർ | |

| | | | |
|---|---|---|---|
| | അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. മറ്റ് കുട്ടികൾ വസ്തു എന്തെന്ന് തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | | |
| | സംഭാഷണവേദി - മറ്റ് ഭാഷകൾ സംസാരിക്കുന്ന വ്യക്തികളുമായി മലയാളത്തിൽ ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | മലയാളം അധ്യാപകർ |
| | ഏകാംഗ പ്രകടനം - ആശയം നൽകി മലയാളത്തിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | നവംബർ | മലയാളം അധ്യാപകർ |
| | കഥ പറയൽ മത്സരം - ഓരോ വിദ്യാർത്ഥിക്കും ഇഷ്ടമുള്ള ഒരു കഥ സ്വന്തം വാക്കുകളിൽ മലയാളത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂലൈ | മലയാളം അധ്യാപകർ |
| | വർത്തമാനപ്പത്ര വായന - മലയാളം ദിനപത്രത്തിലെ പ്രധാന വാർത്തകൾ വായിക്കാനും അതിനെക്കുറിച്ച് സംസാരിക്കാനും അവസരം നൽകുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകൻ |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | എനിക്കും വായിക്കാം!! - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്). | ജൂലൈ | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | വായനാ ഗോവണി - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഗോവണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | ഓഗസ്റ്റ് | മലയാളം അധ്യാപകർ |
| | ശബ്ദ നാടകം - വ്യത്യസ്തമായ കഥകൾ റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | മലയാളം അധ്യാപകർ |
| | മാസത്തിലെ വായനക്കാരൻ - മലയാളം ദിനപത്രം വായിക്കുവാൻ അവസരം നൽകി. മാസത്തിലെ വായനക്കാരനെ ആദരിക്കുന്നു. | മാസം തോറും | മലയാളം അധ്യാപകർ |
| | പുസ്തക അവലോകനം - കുട്ടികൾ വായിച്ച പുസ്തകങ്ങളെക്കുറിച്ച് ലഘുവായ അവലോകനം മലയാളത്തിൽ അവതരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | എല്ലാ മാസവും | മലയാളം അധ്യാപകർ |
| 3) തെറ്റ് കൂടാതെ മലയാളം എഴുതാൻ പ്രാപ്തരാക്കുന്നു. | എന്റെ തുള്ളിച്ചുകൾ - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകൻ |
| | ജാഗ്രതാ മേഖല - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി മലയാളത്തിൽ പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | മലയാളം അധ്യാപകൻ |

| | | | |
|---|---|---|---|
| | ഓട്ടം - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ജനുവരി | മലയാളം അധ്യാപകൻ |
| | രസകരമായ ചോദ്യങ്ങൾ - കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ മലയാളം പിരീഡും | മലയാളം അധ്യാപകൻ |
| | എഴുത്തുമത്സരം - വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് ലഘു ലേഖനങ്ങൾ, കഥകൾ, കവിതകൾ എന്നിവ മലയാളത്തിൽ എഴുതാൻ മത്സരം നടത്തുന്നു. | വർഷത്തിൽ രണ്ടു തവണ | മലയാളം അധ്യാപകർ |
| 4) മലയാളം ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | മഹത്തായ ക്യാമ്പ് - മലയാളത്തിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഒരു മലയാളം ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി: കഥപറയൽ, കഥയെഴുത്ത്.<br>ആറിന്: റോൾ പ്ലേ, നാടകം (പ്രച്ഛന്നവേഷരായി).<br>ഏഴാം ക്ലാസിന്: കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ: ഡോക്യുമെന്ററി /ഫിലിം ഷോ. | വർഷാവസാനം | മലയാളം അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ |
| | മലയാള ദിനാചരണം - മലയാള ഭാഷയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന പരിപാടികൾ, | നവംബർ 1 (കേരളപ്പിറവി) | മലയാളം അധ്യാപകർ, വിദ്യാർത്ഥികൾ |

| | | |
|---|---|---|
| പ്രസംഗങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. | | |
| സംവാദ ക്ലബ്ബ് - വിവിധ വിഷയങ്ങളെക്കുറിച്ച് മലയാളത്തിൽ സംവാദം നടത്താൻ അവസരം നൽകുന്നു. | മാസം തോറും | മലയാളം അധ്യാപകർ |
| കവിതാ പാരായണം - കുട്ടികൾക്ക് ഇഷ്ടപ്പെട്ട കവിതകൾ മലയാളത്തിൽ പാരായണം ചെയ്യാൻ അവസരം നൽകുന്നു. | ഓരോ പിരീഡിലും | മലയാളം അധ്യാപകൻ |

**ATHMA VIDYA SANGHAM UP SCHOOL**
**ACADEMIC MASTER PLAN**

Area: U.P. English

| Objective | Activities | Time | Responsibility | Financial Analysis |
|---|---|---|---|---|
| 1) Provides opportunities to correctly listen to and speak English fluently. | Lend Your Ear - Plays simple and interesting English recordings. Encourages children to give appropriate answers to related questions. | July | English Teacher | English Club |
| | Follow Me If You Can! - Provides training to act according to instructions given in English. | June | English Teachers | |
| | Breaking News - Plays recorded English radio news. Provides an opportunity to listen to correct pronunciation. | November | English Teachers | |
| | Missing Man - Plays recorded conversations between a teacher and a student for children. Then, removes the teacher's dialogue and plays only the student's dialogue. Provides an opportunity for other children to present the teacher's part. | June | English Teachers | |
| | Treasure Hunt - Uses different objects to create various compartments. Numbers each compartment and describes the object obtained through a lottery. Other children identify what the object is. Points are awarded. | August | English Teachers | |

Area: U.P. English

| Objective | Activities | Time | Responsibility | Financial Analysis |
|---|---|---|---|---|
| | Meet the Foreigner - Provides opportunities for communication with native speakers. | Once a year | English Teachers | |
| | One Man Show - Provides a concept and encourages solo performance in English. | October | English Teachers | |
| 2) Trains in expressive reading. | I Too Can!! - Arranges various reading cards at different levels. Provides opportunities to read without mistakes (from simple to complex). | July | English Teachers | |
| | Leaning Ladder - Writes selected words from the lesson on a chart and gives children the opportunity to read them from a mirror. Those who correctly find all the words can overcome the heights of the ladder as part of the program and receive a hidden prize. | September | English Teachers | |

| | | | | |
|---|---|---|---|---|
| | F.M. Corner - Provides opportunities to present different stories in Reader's Theatre radio drama format. | Once a term | English Teachers | |
| | Reader of the Month - Provides opportunities to read English daily newspapers. Honors the Reader of the Month. | Monthly | English Teachers | |

Area: U.P. English

| Objective | Activities | Time | Responsibility | Financial Analysis |
|---|---|---|---|---|
| 3) Enables writing English without mistakes. | My Droplets - Prepares class magazines and mini-dictionaries including children's creative works. | End of the year | English Teacher | |
| | Alert Zone - Displays information boards, posters, and notices in the school environment and classrooms. | On special occasions | English Teacher | |
| | Run Baby Run - Divides the class into groups. After reading the words displayed on a chart once, writes them without mistakes on another chart. The group that writes the sentences correctly first is declared the winner. | February | English Teacher | |
| | Fun time Funda - Prepares and presents riddles, tricky questions, and jokes in class. | Every English period | English Teacher | |
| 4) Increases confidence in the English language. | The Grand Camp - Conducts an English camp by creating an English environment, including parents proficient in English and other individuals from the community. Provides opportunities for children from classes 5, 6, and 7 to come up with various programs.<br>For 5th class: storytelling, story writing.<br>For 6th: Role play, drama as disguised characters.<br>For 7th class: poetry recitation, public speaking, etc.<br>At the end of the camp: Documentary/film show. | End of the year | English Teachers, PTA officials, Parents | |

യു.പി. സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല: യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | |
|---|---|---|---|
| സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | | |
| | Follow Me If You Can! - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | Missing Man - അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| | Treasure Hunt - വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. മറ്റ് കുട്ടികൾ വസ്തു എന്തെന്ന് തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |
| | Meet the Foreigner - തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ |
| | One Man Show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can!! - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്). | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | Leaning Ladder - പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | F.M. Corner - വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the Month - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ |
| | Alert Zone - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ |
| | Run Baby Run - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ |
| | Fun time Funda - കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ |

മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.

അഞ്ചാം ക്ലാസിനായി: കഥപറയൽ, കഥയെഴുത്ത്. ആറിന്: Role play, നാടകം (പ്രച്ഛന്നവേഷരായി).

ഏഴാം ക്ലാസിന്: കവിതയുടെ പ്രസംഗം തുടങ്ങിയവ.

ക്യാമ്പിന് ഒടുവിൽ: ഡോക്യുമെന്ററി /ഫിലിം ഷോ.

| യു.പി. ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | |
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ**<br>ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയ കൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാ ടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗി ക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാ ക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗ ങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | |
| 5) ഗണിത മേഖലയിൽ കുട്ടി കളുടെ താൽപര്യം വർദ്ധിപ്പി ക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയ ങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാ ക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക് പ്ലാൻ- അറബിക്

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടേ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | |

| | | | | | |
|---|---|---|---|---|---|
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം:<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br><br>* നല്ല വായനക്കാരനാക്കുക | **1. തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)**<br><br>പുസ്തകങ്ങൾ:<br><br>* ചിത്ര കഥ (അറബിക്)<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>**2. ക്ലാസ്സ് വായന:**<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക | 6 മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ്സ് ലൈബ്രറി<br><br>പുസ്തകങ്ങൾ | **സമാഹരണം:**<br><br>• അറബിക് അദ്ധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അദ്ധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ |

| | | | | | |
|---|---|---|---|---|---|
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം**: ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അനുഭവ ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്, അതിനാൽ അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ:**<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്ന | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉത്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളില നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | |
| 9 | **നല്ല എഴുത്ത്**<br><br>ലക്ഷ്യം:<br>കട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ.<br><br>* ഓരോ കട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികള്ക്കു പ്രൈമറി പഠനം കഴിയും മുമ്പ് അറബിക് കീ ബോർഡ് പഠിക്കൽ<br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാല്ഘട്ടത്തിൽ കമ്പ്യൂട്ടർ പരിഞ്ജാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം.<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | **മത്സരങ്ങളുടെ ലോകം:** | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | **ദിനാചരണങ്ങൾ:** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | | | |

ആത്മവിദ്യാസംഘം യു പി സ്ക്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

യു.പി. സംസ്കൃതം -

ലക്ഷ്യം

സംസ്കൃത ഭാഷയെക്കുറിച്ചുള്ള അറിവ് വികസിപ്പിക്കുകയും ഭാഷാപരമായ കഴിവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

പ്രവർത്തനങ്ങൾ, കാലം, ചുമതല

**1) ശരിയായി സംസ്കൃതം ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു.**

മമ വാക്യം : ലളിതവും രസകരവുമായ സംസ്കൃത സംഭാഷണങ്ങൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ സംസ്കൃതത്തിൽ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.

കാലം: ജൂൺ

ചുമതല: സംസ്കൃതം അധ്യാപകൻ, സംസ്കൃതം ക്ലബ്ബ്

**2)നിർദ്ദേശാൻ അനുസരതു! : സംസ്കൃതത്തിൽ നൽകുന്ന ലളിതമായ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു (ഉദാ: 'ഉത്തിഷ്ഠതു' - എഴുന്നേൽക്കുക, 'ഉപവിശതു' - ഇരിക്കുക).**

കാലം: ജൂൺ

ചുമതല: സംസ്കൃതം അധ്യാപകൻ

**3)വാർത്താവാചനം (News Reading):** ലളിതമായ സംസ്കൃത വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.

കാലം: ഒക്ടോബർ

ചുമതല: സംസ്കൃതം അധ്യാപകൻ

**4)ശബ്ദാന്വേഷണം :** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് ലളിതമായ സംസ്കൃത വാക്കുകളിൽ വർണ്ണിക്കുന്നു. മറ്റ് കുട്ടികൾ വസ്തു എന്തെന്ന് തിരിച്ചറിയുന്നു. പോയിൻ്റ് നൽകുന്നു.

കാലം: സെപ്റ്റംബർ

ചുമതല: സംസ്കൃതം അധ്യാപകൻ

**5)ഏകാങ്കാഭിനയം :** ആശയം നൽകി സംസ്കൃതത്തിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു.

കാലം: നവംബർ

ചുമതല: സംസ്കൃതം അധ്യാപകൻ

**5)കഥാകഥന മത്സരം :** ഓരോ വിദ്യാർത്ഥിക്കും ഇഷ്ടമുള്ള ഒരു ലളിതമായ കഥ സംസ്കൃതത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

കാലം: ജൂലൈ

ചുമതല: സംസ്കൃതം അധ്യാപകൻ

**6)പത്രവാചനം** : ലളിതമായ സംസ്കൃത പത്രത്തിലെ പ്രധാന വാർത്തകൾ വായിക്കാനും അതിനെക്കുറിച്ച് സംസാരിക്കാനും അവസരം നൽകുന്നു.

കാലം: മാസത്തിൽ ഒരിക്കൽ

ചുമതല: സംസ്കൃതം അധ്യാപകൻ

**6) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു.**

അഹം അപി പഠാമി!! : വ്യത്യസ്ത തലങ്ങളിലായി വിവിധ സംസ്കൃത വായന കാർഡുകൾ ക്രമീകരിക്കുന്നു.
തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു

കാലം: ജൂലൈ

ചുമതല: സംസ്കൃതം അധ്യാപകൻ

**7)വാചന സോപാനം (Reading Ladder)**: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് ഗോവണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു.

കാലം: ഓഗസ്റ്റ്

ചുമതല: സംസ്കൃതം അധ്യാപകൻ

**8)ശബ്ദനാടകം :** വ്യത്യസ്തമായ കഥകൾ റേഡിയോ ഡ്രാമ രൂപത്തിൽ സംസ്കൃതത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു.

കാലം: ടേമിൽ ഒരു തവണ

ചുമതല: സംസ്കൃതം അധ്യാപകൻ

**9മാസികസ്യ വാചകഃ** : ലളിതമായ സംസ്കൃത ദിനപത്രം വായിക്കുവാൻ അവസരം നൽകി, മാസത്തിലെ മികച്ച വായനക്കാരനെ ആദരിക്കുന്നു.

കാലം: മാസം തോറും

ചുമതല: സംസ്കൃതം അധ്യാപകൻ

**10) തെറ്റ് കൂടാതെ സംസ്കൃതം എഴുതാൻ പ്രാപ്തരാക്കുന്നു.**

**മമ സൃഷ്ടിഃ** : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ സംസ്കൃതത്തിൽ തയ്യാറാക്കുന്നു.

കാലം: വർഷാവസാനം

ചുമതല: സംസ്കൃതം അധ്യാപകൻ

**11)ജാഗ്രതാക്ഷേത്രം** : സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി സംസ്കൃതത്തിൽ പ്രദർശിപ്പിക്കുന്നു.

കാലം: ദിനാചരണങ്ങളിൽ

ചുമതല: സംസ്കൃതം അധ്യാപകൻ

**12)ധാവിക** : ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.

കാലം: ജനുവരി

ചുമതല: സംസ്കൃതം അധ്യാപകൻ

**13)രസകര പ്രഷ്നാഃ** : കടങ്കഥകൾ (പ്രഹേളികാഃ), കുസൃതി ചോദ്യങ്ങൾ (കൗതുകപ്രഷ്നാഃ), ഫലിതങ്ങൾ (ഹാസ്യകഥാഃ) എന്നിവ ലളിതമായ സംസ്കൃതത്തിൽ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

കാലം: സംസ്കൃതം പിരീഡ്

ചുമതല: സംസ്കൃതം അധ്യാപകൻ

**14)ലേഖന മത്സരം :** വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് ലഘു ലേഖനങ്ങൾ, കഥകൾ, കവിതകൾ എന്നിവ ലളിതമായ സംസ്കൃതത്തിൽ എഴുതാൻ മത്സരം നടത്തുന്നു.

കാലം: വർഷത്തിൽ രണ്ടു തവണ

ചുമതല: സംസ്കൃതം അധ്യാപകൻ

**15)സംസ്കൃത ദിനാചരണം :** സംസ്കൃത ഭാഷയുടെ പ്രാധാന്യം ഉയർത്തിക്കാട്ടുന്ന പരിപാടികൾ, പ്രസംഗങ്ങൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

കാലം: ശ്രാവണ പൂർണ്ണിമ (സംസ്കൃത ദിനം)

ചുമതല: സംസ്കൃതം അധ്യാപകർ, വിദ്യാർത്ഥികൾ

**16)കവിതാപാരായണം** :സുഭാഷിതാലാപനം: കുട്ടികൾക്ക് ഇഷ്ടപ്പെട്ട ലളിതമായ സംസ്കൃത കവിതകൾ , സുഭാഷിതാലാപനം പാരായണം ചെയ്യാൻ അവസരം നൽകുന്നു.

കാലം: ഓരോ പിരീഡിലും

ചുമതല: സംസ്കൃതം അധ്യാപകൻ -

## സുസ്ഥിര വിദ്യാലയവികസനത്തിന് പദ്ധതി രൂപീകരണം.

അക്കാദമികം

- അവസ്ഥാ പഠനം
- പദ്ധതി രൂപീകരണം
- വിഭവസമാഹരണം
- നടപ്പാക്കൽ
- വിലയിരുത്തൽ

## ആത്മവിദ്യാസംഘം യു. പി .സ്കൂൾ



**ദിശ 2025**
**പ്രവർത്തനരൂപരേഖ**

## ലക്ഷ്യം

കട്ടികളുടെ
ജന്മസിദ്ധമായ കഴിവും താൽപര്യവും
നിരിക്ഷണത്തിലൂടെ കണ്ടെത്തി
വിദഗ്ധപരിശീലനം നൽകി
ഓരോ കട്ടിയേയും
അതത് മേഖലകളിൽ ഒന്നാമതാക്കുക


ഓരോകുട്ടിയും ഏതെങ്കിലുമൊക്കെ മേഖലകളിൽ മിടുക്കരായിരിക്കും അവരുടെ അഭിരുചിയുടെ യഥാർത്ഥ മേഖല കണ്ടെത്തുകയും പോഷിപ്പിക്കുകയും ചെയ്യുമ്പോഴാണ് ആ കുട്ടി പരിഗണിക്കപ്പെടുന്നത്. ഓരോ അഭിരുചിമേഖലയിലും ഇടപഴകാനുള്ള അനുഭവം ലഭിക്കുമ്പോഴാണ് കുട്ടിയുടെ യഥാർത്ഥ പ്രതിഭ കണ്ടെത്താൻ കഴിയുന്നത്. അതിനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. ഇവിടെ കുട്ടിക്ക് തന്റെ അഭിരുചി മേഖല വികസിപ്പിക്കാൻ അവസരം ലഭിക്കുന്നു. കുട്ടിയെ കണ്ടെത്തി പ്രത്യേക മേഖലയിൽ പ്രതിഭാധനനായി മെച്ചപ്പെടുത്താനും കഴിയുന്നു.


## ടാലന്റ് ലാബ്

## ഉറവ


**ഓരോ കുട്ടിയും ഒന്നാമതാണ്.**

- കഴിവുകൾ രേഖപ്പെടുത്തൽ
- പരിപോഷണണം
- പിൻതുണ
- പരിപാടികളിൽ പങ്കെടുപ്പിക്കൽ.സ്കൂൾ/സബ് ജില്ല




മേഖലകൾ
കലോത്സവ ,കായിക ,ശാസ്ത്ര, പ്രവൃത്തിപരിചയ ഇനങ്ങളും ഉൾപ്പെടുത്താം


പ്രതിമാസ പ്രോഗ്രസ് കാർഡ്
എല്ലാ മൂല്യനിർണ്ണയങ്ങളും പ്രത്യേക ഫോർമാറ്റിൽ തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകുക.
ഗ്രേഡ്
ഹാജർ
വിവിധ പരിപാടികളിലെ പങ്കാളിത്തം
സ്റ്റാറുകളുടെ എണ്ണം
ഗൃഹപാഠം



## താളുകളുടെ താളം

- ആൽബം പോലുള്ള നോട്ട് ബുക്ക്
- മാർജിൻ കളർ
- യൂണിറ്റ് ആദ്യം ചിത്രങ്ങൾ
- ടീച്ചറുടെ കുറിപ്പിനായി പ്രത്യേക ഇടങ്ങൾ
- പഠനപുരോഗതിയുടെ നേർ സാക്ഷ്യം

## ക്ലാസ് ഐക്കൺ


ഓരോ ക്ലാസിനും ഓരോ പ്രശസ്ത വ്യക്തികളുടെ പേരിൽ അറിയപ്പെടുന്നു.

വിവരങ്ങൾ ശേഖരിക്കുക.

വിവിധ ഭാഷാവ്യവഹാര രൂപങ്ങളിൽ പ്രകടിപ്പിക്കുക.

## മിന്നും താരങ്ങൾ

- പ്രവർത്തനങ്ങൾ ഭംഗിയായി ചെയ്യുന്ന കുട്ടികൾക്ക് നോട്ട് ബുക്കിൽ GOOD എന്ന് സീൽ ചെയ്യുന്നു.(സ്റ്റാർ)
- എല്ലാവർക്കും ഇത് പല അവസരങ്ങളിലായി ലഭിക്കണം.
- കൂടുതൽ ലഭിച്ചവരെ അനുമോദിക്കണം.
- രക്ഷിതാക്കളുമായി പങ്കിടണം.






## TECH TREKKERS

- Special periods
- Coumputer training
- Examinations

# അക്ഷരപ്പൂക്കൾ

- ഭാഷാവിഷയങ്ങളിൽ നിലവാരം ഉയർത്തുക
- ക്ലാസ് അടിസ്ഥാനത്തിൽ രൂപപ്പെടുന്നവ പൊതുവായ സ്ഥലത്ത് മാസാവസാനം പ്രദർശനത്തിന്

### പത്ത് ഉത്സവങ്ങൾ

- ഒന്നാം ഉത്സവം ജൂൺ 5 ലോകപരിസ്ഥിതിദിനം
- രണ്ടാം ഉത്സവം ജൂൺ 17 മരുവൽക്കരണവിരുദ്ധദിനം
- മൂന്നാം ഉത്സവം ജൂലൈ 1 ഡോക്ടർദിനം
- നാലാം ഉത്സവം ജൂലൈ 28 ലോകപ്രകൃതിസംരക്ഷണദിനം
- അഞ്ചാം ഉത്സവം ആഗസ്റ്റ് 9 പുനരുപയോഗദിനം
- ആറാം ഉത്സവം ആഗസ്റ്റ് 29 ലോകകായികദിനം
- ഏഴാം ഉത്സവം സപ്റ്റെമ്പർ 16 ഓസോൺദിനം
- എട്ടാം ഉത്സവം ഒക്ടോബർ 2 ഗാന്ധിജയന്തി
- ഒമ്പതാം ഉത്സവം ഒക്ടോബർ 16 ലോകഭക്ഷ്യദിനം
- പത്താം ഉത്സവം നവമ്പർ 17 സാർവദേശീയ വിദ്യാർത്ഥിദിനം

## അറിവുമിഠായി

ആനുകാലിക ചോദ്യങ്ങൾ എല്ലാ ആഴ്ചയും പ്രദർശനബോർഡിൽ
മാസാവസാനം പൊതുക്വിസ്
ടീം രൂപീകരണം
ഗ്രാന്റ് ഫിനാലെ
അറിവിന്റെ അശ്വമേധം

## ഗൃഹ വിദ്യാലയ കൂട്ടായ്മ

* അമ്മവായന
* ദിനാചരണക്വിസുകൾ/പരിപാടികൾ





## സ്വന്തം സ്കൂൾ - ക്ലാസ് പി. ടി. എ


എല്ലാമാസവും നിശ്ചിത തിയ്യതിയിൽ.
പ്രത്യേക അജണ്ട
എല്ലാകുട്ടികളുടെയും വിശദവിവരങ്ങൾ


## കളിക്കളം


* ആകർഷകമായ കളികൾ ഒരുക്കിയ സ്റ്റാളുകൾ
* ഏത് കളിയും കളിക്കാം
* വിജയികൾക്ക് കാർഡിൽ രേഖപ്പെടുത്തലുകൾ
* പഠനവിഷയങ്ങൾക്കും സ്റ്റാളുകൾ
*











അദ്ധ്യയന മാസത്തെ ക്ലാസ് പി ടി എയിൽ അവതരിപ്പിച്ചത്

| [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|
| ഗായത്രി | പരിതാപകരം | എഴുതില്ല | വായിക്കും | എഴുതും |
| ദേവപ്രിയ | പ്രശ്നമില്ല | ചെറിയ പ്രശ്നം | | ചെറിയ പ്രശ്നം |
| അഭിജിത് | വലിയ പ്രയാസം | തെറ്റുകൾ ധാരാളം | തപ്പിത്തടഞ്ഞ് വായിക്കും | തെറ്റുകൾ കുറഞ്ഞു |
| അജയൻ | പ്രയാസം | പ്രശ്നം | തനിയെ വായിക്കും | കൂടുതൽ മെച്ചപ്പെട്ടു |
| ദേവിനന്ദ | പ്രശ്നമില്ല | പ്രശ്നമില്ല | | |
| നിഖിൽ | പ്രയാസം | തെറ്റുകൾ ധാരാളം | വായിക്കും | ഒരളവോളം പരിഹരിച്ചു |
| അച്ചു | കൂട്ടിച്ചേർത്ത് വായന | തെറ്റുകൾ ധാരാളം | വേഗത്തിൽ വായിക്കും | തെറ്റ് കുറഞ്ഞു |
| മാലതി | പ്രയാസം | തെറ്റുകൾ ധാരാളം | വായിക്കാൻ പ്രയാസം | തെറ്റുകൾ |
| ആര്യ | പ്രശ്നമില്ല | ചെറിയപ്രശ്നം | | |
| അജി | പ്രയാസം | തെറ്റുകൾ ധാരാളം | വായിക്കും | ഭാഗികമായി പരിഹരിച്ചു |
| ബിജി | പ്രശ്നമില്ല | ചെറിയ പ്രശ്നങ്ങൾ | | പരിഹരിച്ചു |
| മൊഹിത് | പ്രയാസം | വ്യക്തതയില്ല | വായിക്കും | എഴുത്തും വ്യക്തമല്ല |
| മനു | പ്രയാസം | തെറ്റുകൾ ധാരാളം | വായിക്കും | എഴുതും. കുറച്ച് തെറ്റുകൾ. മറ്റ് വിഷയങ്ങളിലും [illegible] |